# Malayala Manorama

## 29 August 2018

## Kochi, After Flood, Rescue Workers, Honor

# പ്രളയത്തിൽ രക്ഷാപ്രവർത്തനം നടത്തിയവരെ അനുമോദിക്കും

വൈറ്റില • പ്രളയത്തിൽ രക്ഷാപ്രവർത്തനം നടത്തി ഒട്ടേറെ ജീവനുകൾ രക്ഷിച്ചു കുമ്പളം ഗ്രാമത്തിന്റെ അഭിമാനമായി മാറിയ മൽസ്യത്തൊഴിലാളികളെ അനുമോദിക്കും. ആലുവ കമ്പനിപ്പടി ഡിഡി ഗ്ലോബൽ വില്ലേജിൽ രക്ഷാപ്രവർത്തനം നടത്തവേ വച്ചുനീട്ടിയ പണം വേണ്ടെന്നു പറഞ്ഞ ഇവരുടെ കഥ സമൂഹമാധ്യമങ്ങളിൽ വൈറൽ ആയിരുന്നു. ലയൺസ് ക്ലബ് ഓഫ് കൊച്ചിൻ പ്രൈഡ്, തൈക്കൂടം പീപ്പിൾസ് റസിഡന്റ്സ് അസോസിയേഷൻ, എസ്എൻഡിപി വൈറ്റില ശാഖ എന്നിവയുടെ നേതൃത്വത്തിൽ സെപ്റ്റംബർ രണ്ടിനു വൈകിട്ടു മൂന്നിനു തൈക്കൂടം എസ്എൻഡിപി ഹാളിൽ നടക്കുന്ന ചടങ്ങിലാണ് അനുമോദനം. പ്രളയകാലത്തു ശുദ്ധജലക്ഷാമം നേരിട്ട പ്രദേശങ്ങളിൽ ടാങ്കർ ലോറിയിലും മറ്റുമായി ശുദ്ധജലം എത്തിച്ച തൈക്കൂടം നിവാസികളായ യുവാക്കളെയും ഇതോടൊപ്പം അനുമോദിക്കും.

# രക്ഷാപ്രവർത്തനത്തിനിടെ പരുക്കേറ്റ മൽസ്യത്തൊഴിലാളിയെ സന്ദർശിച്ചു

കൊച്ചി • പ്രളയനാളുകളിൽ രക്ഷാപ്രവർത്തനത്തിനിടെ പരുക്കേറ്റ മൽസ്യത്തൊഴിലാളി സ്റ്റാലിനെ വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ആശുപത്രിയിൽ സന്ദർശിച്ചു.

മാസങ്ങളോളം ജോലി ചെയ്യാനാവാത്ത അവസ്ഥയായതിനാൽ കുടുംബത്തിനുള്ള ധനസഹായവും കൈമാറി. അർത്തുങ്കൽ സ്വദേശി സ്റ്റാലിനു കൂനമ്മാവ് പ്രദേശത്തു രക്ഷാപ്രവർത്തനം നടത്തുന്നതിനിടെയാണു കാലിൽ ഗുരുതരമായി പരുക്കേറ്റത്.

# മൽസ്യത്തൊഴിലാളികളെ ആദരിച്ചു

കൊച്ചി • പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെട്ട മൽസ്യത്തൊഴിലാളികളെ ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ആദരിച്ചു. ദേശീയ മനുഷ്യാവകാശ കമ്മിഷൻ മുൻ ആക്ടിങ് ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ് ഉദ്ഘാടനം ചെയ്തു.

വിവിധ ജില്ലകളിൽ നിന്നുള്ള മൽസ്യ തൊഴിലാളികളായ ആന്റണി വർഗീസ്, വി.പി. സെബാസ്റ്റ്യൻ, പി.വി. അഗസ്റ്റിൻ, പി.സി. ജോസഫ്, ജെയ്സൽ, രാജു ലോറൻസ്, സാലസ് ജോൺ, അലോഷ്യസ് ആറ്റിങ്ങൽ, അബ്ദുല്ല എന്നിവരെ ആദരിച്ചു.

ഫൗണ്ടേഷൻ ചെയർമാൻ കെ. ഇബ്രാഹിം അധ്യക്ഷത വഹിച്ചു. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ, പി. മോഹൻദാസ്, ഡോ .പി.സി. അച്ചൻകുഞ്ഞ്, ഗ്രേസി ബാബു ജേക്കബ്, ലക്ഷ്മി ദീപ്ത, എൻ. കെ. നാസർ, ആലപ്പി അഷറഫ്, കുമരകം രഘുനാഥ്, ടി.പി. മോഹനൻ, ആർ.ആർ. നായർ, അലോഷ്യസ് ആറ്റിങ്ങൽ, അബ്ദുല്ല എന്നിവർ പ്രസംഗിച്ചു.